(ബി) എസ്. എൻ. സി. ലാവലിൻ എന്ന കമ്പനിക്ക് ഇ. ഐ. എസ്. പി. യുടെ നടത്തിപ്പ് സംബന്ധിച്ച് എന്ത് ചുമതലകളാണ് ഉണ്ടായിരുന്നത്; എസ്. എൻ. സി. ലാവലിൻ വഴി എത്ര രൂപ ഇതിനു വേണ്ടി ചെലവഴിച്ചു;

(സി) ഇ. ഐ. എസ്. പി. നടപ്പാക്കാൻ ചുമതലപ്പെട്ടവർ ഏതൊക്കെ ഏജൻസികളും കൺസൾട്ടൻസികളുമായിരുന്നു;

(ഡി) കെ. എസ്. ഇ. ബി. യെ പുനഃസംഘടിപ്പിക്കാൻ വേണ്ടി പ്രവർത്തിച്ച ടാസ്ക്ഫോഴ്സിനുവേണ്ടി ഇതിൽ എത്ര രൂപ ചെലവഴിച്ചു;

(ഇ) ബാക്കി തുക എങ്ങനെ ചെലവഴിച്ചു എന്നതിന്റെ ഇനം തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ?

ഉത്തരം

(എ,ബി,സി,ഡി ആൻഡ് ഇ) കാനഡ, ഇന്ത്യ, കേരളം എന്നീ ഗവൺമെന്റുകളും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡും 11.2.1997-ൽ ഏർപ്പെട്ടിട്ടുള്ള ധാരണാ പത്രത്തിന്റെ അടിസ്ഥാനത്തിൽ കനേഡിയൻ ഇന്റർനാഷണൽ വികസന ഏജൻസിയായ സി.ഐ.ഡി.എ.യുടെ എനർജി ഇൻഫ്രാസ്ട്രക്ചർ പ്രോജക്ട് (EISP) എന്ന മാനേജ്മെന്റ് പരിപാടിയുടെ കൺസൾട്ടിംഗ് ഏജൻസിയായി എസ്. എൻ. സി. ലാവലിൻ എന്ന കമ്പനിയെ (CIDA) നിയമിച്ചിരുന്നു. കാനഡായുടെ സംഭാവനയായ 13.8 മില്യൺ കനേഡിയൻ ഡോളർ ഉപയോഗിച്ചാണ് മേൽപ്പറഞ്ഞ പരിപാടി നടത്തുന്നതിന് ലക്ഷ്യമിട്ടിരുന്നത്. 'മാനേജ്മെന്റ് പ്ലാൻ' അനുബന്ധമായി ചേർത്തിരിക്കുന്നു. †

ഇലക്ട്രിസിറ്റി ബോർഡ് വിഭജനം

4 [1993] ശ്രീ. കെ. രാധാകൃഷ്ണൻ:
,, രാജു എബ്രഹാം:
,, ടി പി. രാമകൃഷ്ണൻ:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡിന്റെ വിഭജനവും, കമ്പനിവൽക്കരണവും ഉണ്ടാക്കുന്ന ദോഷവശങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) ബോർഡ് പുനഃസംഘാടനം നടത്തിയ സംസ്ഥാനങ്ങളിലെ അനുഭവങ്ങളിൽ നിന്നുള്ള പാഠം ഉൾക്കൊള്ളാൻ സർക്കാർ ശ്രമിച്ചിട്ടുണ്ടോ;

(സി) കേന്ദ്രവൈദ്യുതി നിയമത്തിലെ ജനവിരുദ്ധമായി വേർതിരിച്ചിട്ടുള്ള നയങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കാതിരിക്കാൻ സർക്കാർ എന്തു നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു; വിശദമാക്കാമോ;

(ഡി) ബോർഡ് പുനഃസംഘാടനം സംബന്ധിച്ച് സർക്കാരിന് ലഭിച്ച വിദഗ്ദ്ധ ഉപദേശങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി, സി, ഡി) സംസ്ഥാന വിദ്യുച്ഛക്തി ബോർഡിനെ സ്റ്റേറ്റ് ട്രാൻസ്മിഷൻ യൂട്ടിലിറ്റിയായും, ഒരു ലൈസൻസിയായും

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

9-12-2005 വരെ തുടരാൻ കേന്ദ്രസർക്കാരിന്റെ അംഗീകാരത്തോടെ സംസ്ഥാന സർക്കാർ 9-6-2005-ലെ സർക്കാർ ഉത്തരവ് (പി) നം. 3/2005/പി.ഡി. പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

വൈദ്യുതി കണക്ഷൻ നൽകാൻ നടപടി

5 [1994] ശ്രീ. തോമസ് ഉണ്ണിയാടൻ:
,, ജോസഫ് എം. പുതുശ്ശേരി:
,, സി.റ്റീഫൻ ജോർജ്:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിയുന്നത്ര എല്ലാ കുടുംബങ്ങൾക്കും വൈദ്യുതി എത്തിച്ചു കൊടുക്കുവാൻ സർക്കാർ തീരുമാനിക്കുമ്പോഴും വൈദ്യുതി കണക്ഷൻ ലഭിക്കാത്തവർ സംസ്ഥാനത്ത് ധാരാളമായിട്ടുണ്ട് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെങ്കിലുമൊരു വ്യക്തിയോ വീട്ടുകാരോ സമ്മതം നൽകാത്തതിന്റെ പേരിൽ വൈദ്യുതി കണക്ഷൻ ലഭിക്കാതെ ബുദ്ധിമുട്ടുന്നവരെ സഹായിക്കാൻവേണ്ടി വൈദ്യുതി കണക്ഷൻ നൽകുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അധികാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇത്തരം സന്ദർഭങ്ങളിൽ നിലവിലുള്ള നിയമപ്രകാരം ജുഡീഷ്യൽ മജിസ്ട്രേട്ടിന്റെ അധികാരമുള്ള ജില്ലാ കളക്ടറുടെ തീർപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് വൈദ്യുതി കണക്ഷൻ

6 [1995] ശ്രീ. ബിനോയ് വിശ്വം:
,, എം. കുമാരൻ:
,, എൻ. രാജൻ:
,, പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് എന്തെല്ലാം സൗജന്യങ്ങൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിലുള്ള എത്ര അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ നൽകാനുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ അപേക്ഷകളിൻമേൽ ഇനി എത്ര കാലംകൊണ്ട് തീർപ്പ് കൽപ്പിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് 500 വാട്ട്സിൽ താഴെ കണക്റ്റഡ് ലോഡ് വരുന്നതും, പോസ്റ്റ് വേണ്ടാത്തതുമായ വൈദ്യുതി കണക്ഷനുകൾ സൗജന്യമായി നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly